**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 25/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ :

എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർ
എല്ലാ ഡിവിഷനുകളും

സർ,

വിഷയം: കോവിഡ് 19 വ്യാപനം തടയുന്നതിൻറെ ഭാഗമായി ഏപ്രിൽ 14 വരെ ലോക്ക് ഡൌൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർക്ക് മാർഗനിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു .കോവിഡ് 19 വ്യാപനം തടയുന്നതിൻറെ ഭാഗമായി ഏപ്രിൽ 14 വരെ സർക്കാർ ലോക്ക് ഡൌൺ പ്രഖ്യാപിച്ച സാഹചര്യത്തിലും സംസ്ഥാന എക്സൈസ് വകുപ്പിനെ അവശ്യസർവിസ് ആയി സർക്കാർ പരിഗണിക്കുന്ന സാഹചര്യത്തിലും ഉദ്യോഗസ്ഥർ അടിയന്തിരമായി പാലിക്കേണ്ട നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1)വിവിധ ജില്ലകളിലെ KSBC വെയർഹൌസുകൾ (FL9), FL1 ഔട്ട് ലെറ്റുകളിലും, FL12 ഔട്ട് ലെറ്റുകൾ തുടങ്ങിയ ലൈസൻസ് സ്ഥാപനങ്ങളിൽ സ്റ്റോക്ക് ചെയ്തിട്ടുള്ള മദ്യം സംരക്ഷിക്കപ്പെടേണ്ട സാഹചര്യം നിലവിൽ ഉള്ളതിനാൽ ആയതിലേയ്ക്കായി പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും മേൽ സാഹചര്യം മുൻനിർത്തി പട്രോളിംഗ് ജോലികൾ ശക്തിപ്പെടുത്തേണ്ടതുമാണ്.

2)ഡിസ്റ്റിലറികൾ,ബ്രൂവറികൾ,കോമ്പൌണ്ടിംഗ് & ബ്ലെന്റിംഗ് യുണിറ്റുകൾ എന്നിവിടങ്ങളിലെ മദ്യം , സ്പിരിറ്റ് എന്നിവ ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ടി സ്ഥാപനങ്ങളുടെ ചുമതയുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

3)ഏപ്രിൽ 14 തിയതിവരെ പ്രവർത്തനുമതി നിഷേധിച്ചിട്ടുള്ള ബാറുകൾ,ബിയർ& വൈൻ പാർലറുകൾ, ക്ലബ്ബുകൾ, FL1 ഔട്ട് ലെറ്റുകൾ, FL12 ഔട്ട്ലെറ്റുകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ ലൈസൻസ് സ്ഥാപനങ്ങൾ മേൽ കാലയളവുവരെ പ്രവർത്തിക്കുന്നില്ലായെന്ന് ബന്ധപ്പെട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4)പാലക്കാട് ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ നിയമാനുസരണം കള്ള് ചെത്താൻ അനുമതി നൽകിയിട്ടുള്ള തെങ്ങുകൾ നിലവിൽ കള്ള് ചെത്താൻ അനുമതിയില്ലാത്ത സാഹചര്യത്തിൽ ടി തെങ്ങുകൾ നശിച്ചു പോകാതിരിക്കുന്നതിനുള്ള ഉചിതമായ നടപടികൾ ബന്ധപ്പെട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർ സ്വീകരിക്കേണ്ടതും അനധികൃതമായി കള്ള് ചെത്ത് നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

5)പല ജില്ലകളിലും സാനിറ്റൈസർ നിർമ്മിക്കുന്നതിന് സ്പിരിറ്റ് നൽകിയ സാഹചര്യത്തിൽ ടി സ്പിരിറ്റ് ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ബന്ധപ്പെട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദേശങ്ങൾ പാലിക്കുമ്പോൾ ഉദ്യോഗസ്ഥർ ആവശ്യമായ സുരക്ഷ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

Signature valid

Digitally signed by AANANTHAKRISHNAN S
Date: 2020.03.25 13:51:54 IST
Reason: Approved

വിശ്വസ്തതയോടെ,
**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**